VOTING OF DEMANDS FOR GRANTS—(*contd.*)
DEMAND II—MEDICAL—(*contd.*)

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*) : സർ, നാം ഇപ്പോൾ കാണുന്നതു് മലയിലുള്ള കാണിക്കാരെയാണു്. മലകളിലുള്ള കാണിക്കാക്കു വൈദ്യസഹായം ലഭിക്കുന്നതിനു യാതൊരു മാർഗ്ഗവുമില്ല. തെക്കൻ തിരുവിതാംകൂറിലെ കളിയൽ, പനച്ചിമൂട്ട, കുന്നത്തുകാൽ, തുപ്പരപ്പു്, പന്മന മുതലായ പകുതികളിൽ താമസിക്കുന്ന കാണിക്കാർ സാധാരണ മലമ്പനി, റോഡൻറ് അൾസർ, എന്നു പറയുന്ന ഭയങ്കരമായ വ്രണം, മുതലായ രോഗങ്ങൾകൊണ്ടു് വളരെ കഷ്ടപ്പെടുന്നുണ്ടു്. അവക്കു് സമീപദിക്കായ അരുമനയോ കുലശേഖരത്തോ ഉള്ള ആശുപത്രിയിൽ വരണമെങ്കിൽ പത്തു പതിനൊന്നു മൈൽ നടക്കേണ്ടതായിട്ടു വരും. സാധുക്കളായ കാണിക്കാക്കു വണ്ടി മുതലായ വാഹനങ്ങളിൽ കയറി വരുന്നതിനു സൗകര്യമില്ലാത്തതിനാൽ അവർ ആശുപത്രികളിൽ പോകുന്നതിനു വളരെ കഷ്ടപ്പെടുന്നുണ്ടു്. അരുമന ആശുപത്രിക്കു കെട്ടിടം വേണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവണ്മെൻറിനോടു അപേക്ഷിച്ചപ്പോൾ സ്ഥലം കൊടുത്താൽ കെട്ടിടം കെട്ടിത്തരാമെന്നു് ഗവണ്മെൻറു് വാഗ്ദാനം ചെയ്കയും ആ സ്ഥലത്തുള്ള ആളുകൾ ഒരു ചക്രംപോലും പിരിച്ചു് ഒരു വലിയ സംഖ്യ ഉണ്ടാക്കി പൊന്നുംവില കൊടുത്തു സ്ഥലം എടുക്കുകയും ചെയ്തു. കഴിഞ്ഞ കൊല്ലത്തിൽ ൧,൪൦൦ രൂപ ഈ കെട്ടിടത്തിനായി ബഡ്ജറ്റിൽ ചേർത്തിരുന്നു. എന്നാൽ ഇതേവരെ കെട്ടിടം കെട്ടികണ്ടില്ല. കാണിക്കാർ മുതലായ മലനിവാസികൾ രോഗം പിടിപെട്ടാൽ ചികിത്സക്കായി ആശുപത്രിയിൽ വന്നു മരുന്നു വാങ്ങിക്കൊണ്ടു തിരിയ്പോകാൻ പണമില്ലാത്തതുകൊണ്ടു് അവക്കു സാധിക്കുന്നില്ല. അവക്കു സഹായത്തിനാരുമില്ല. അതിനാൽ അവിടെ ഒരു ആശുപത്രി കെട്ടിടമുണ്ടായിരുന്നാൽ അവിടെ കിടന്നു ചികിത്സിച്ചു പനി ഭേദമായതിനുശേഷം അവർക്കു തിരിയെ പോകാമായിരുന്നു. അതുകൊണ്ടു് അവിടെ ഒരു സ്ഥിരമായ ആശുപത്രി സ്ഥാപിക്കേണ്ടതു് എന്തായും അത്യാവശ്യമാണെന്നപേക്ഷിച്ചുകൊള്ളുന്നു. ഈ ആണ്ടത്തെ ബഡ്ജറ്റിൽ ആശുപത്രി കെട്ടിടത്തിനുള്ള തുക ചേർക്കാത്തതിനു കാരണമെന്താണെന്നു മനസിലാകുന്നില്ല. ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ലെങ്കിൽ സപ്ലിമെൻററി ഡിമാൻഡ് കൊണ്ടുവന്നു് ഈ ആണ്ടിൽ തന്നെ ഈ കെട്ടിടംപണിനടത്തിക്കൊടുക്കണം. ഉദ്യോഗസ്ഥന്മാരുടെ മനഃപൂർവ്വമായ ഉദാസീനതകൊണ്ടോ ഉപേക്ഷകൊണ്ടോ വാടകക്കെട്ടിടക്കാരനെ സഹായിക്കുന്നതിലുള്ള പ്രതിപത്തികൊണ്ടോ ആയിരിക്കണം കഴിഞ്ഞയാണ്ടത്തെ ബ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai.]

ഡ്യൂറിൽ കെട്ടിടത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്ന പണം ചെല വാക്കാതെയിരുന്ന കാരണം.

പൊതുവേ ഗവണ്മെൻറിനും നാട്ടിൻപുറത്തു താമസിക്കുന്നയാളു കൾക്കും മലനാട്ടുകളിൽ താമസിക്കുന്ന കാണിക്കാരുടെ കാര്യത്തിൽ യാ തൊരു ചിന്തയുമില്ല. പത്തോ, നാല്പതോ, അൻപതോ വർഷങ്ങൾക്കു മുൻപ് മഹാരാജാവു തിരുമനസ്സിലെ കല്പനപ്രകാരമോ അല്ലെങ്കിൽ ഗ വണ്മെൻറുത്തരവുപ്രകാരമോ തിരുവിതാംകൂറിൽ നെടുനീളത്തിൽ ഒരു വര വരച്ചു് ഇവരെ ആ വരക്കു് അപ്പുറത്തു തള്ളുകയും അവർ വന്യമൃഗ ങ്ങളുമായി സംസർഗ്ഗം ചെയ്യാൻ ചില ഏർപ്പാടുകൾ ചെയ്കയും ചെ യ്തോ എന്നു തോന്നിപ്പോകുന്നുണ്ടു്. സാധാരണ സ്ഥലങ്ങളിൽ താമസി ക്കുന്ന ആളുകൾക്കുള്ള സുഖസൌകര്യങ്ങളോ അവകാശാധികാരങ്ങളോ ഈ സ്ഥലങ്ങളിൽ താമസിക്കുന്ന ഇവക്കില്ല. ഇവർ ചില പ്രത്യേക ഫാ റസ്റ്റു് ചട്ടങ്ങൾക്കു അടിപെട്ടുകിടക്കുന്നു. മിഡ്വൈഫ്മാരോ ലേഡി ഡാക്ടർമാരോ വേണമെന്നു അവർ പറയുന്നില്ല. വർഗീയമായ പ്രാ തിനിധ്യമോ ഉദ്യോഗവിതരണമോ പ്രമോഷനോ വേണമെന്നു അവർ ആഗ്രഹിക്കുന്നില്ല. അവരും മഹാരാജാവു തിരുമനസ്സിലെ പ്രജകളാണു്. അവർക്കും വൈദ്യസഹായം ചെയ്തുകൊടുക്കേണ്ട ചുമതല ഗവണ്മെൻറി നുണ്ടു്. അതേ അവർ ആവശ്യപ്പെടുന്നുള്ളൂ. ഇന്നു ഈ മെഡിക്കൽഡിപ്പാ ർട്ടുമെൻറിലെ അധ്യക്ഷയായിരിക്കുന്ന മഹതി ഈ വക കാര്യങ്ങളിൽ പ്ര ത്യേകം ശ്രദ്ധ പതിപ്പിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. വടക്കൻതിരു വിതാംകൂറിലും മലവാരത്തു താമസിക്കുന്ന സാധുക്കളുടെ ആവശ്യങ്ങളെ നിറവേറ്റിക്കൊടുക്കണമെന്നു എനിക്കു പ്രത്യേകം അപേക്ഷയുണ്ടു്.

MR. K. P. KOCHUKORATHARAKAN : കാണിക്കാർ ഉദ്യോഗം ആഗ്രഹിക്കു ന്നില്ലാ എന്നു പറഞ്ഞല്ലോ അവരിൽ പരീക്ഷായോഗ്യതയുള്ളവർ എത്ര പേരുണ്ടു്?

MR. T. C. KESAVA PILLAI : പരീക്ഷായോഗ്യതമാത്രമല്ലല്ലോ എണ്ണ വുംകൂടി നോക്കിവേണമല്ലോ ഉദ്യോഗംകൊടുക്കാൻ.

MR. K. P. KOCHUKORATHARAKAN : കാണിക്കാരിൽ പരീക്ഷായോഗ്യത യുള്ളവർ എത്രപേരുണ്ടു്?

MR. T. C. KESAVA PILLAI : അവർക്കുള്ളിടത്തോളം ബുദ്ധിയും പരീ ക്ഷായോഗ്യതയും അവരുടെ ജനസംഖ്യയും കണക്കാക്കി അവർക്കും കൊ ടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. KOCHUKORA THARAKAN : ഉദ്യോഗം കൊടുക്കുന്നതിന് പരീക്ഷായോഗ്യതയുള്ളവർ എത്രപേരുണ്ട്?

MR. T. C. KESAVA PILLAI : അന്വേഷിച്ചാൽ പരീക്ഷായോഗ്യതയുള്ളവരെ കിട്ടും.

MR. K. R. NARAYANAN : പരീക്ഷായോഗ്യതയില്ലാതെ ഉദ്യോഗം കിട്ടുമെന്ന ഇതുവരെ ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ?

MR. T. C. KESAVA PILLAI : ഏതു ഡിപ്പാർട്ടുമെന്റിൽ?

MR. K. R. NARAYANAN : പരീക്ഷായോഗ്യത ആവശ്യമുള്ള ഏതെങ്കിലും ഉദ്യോഗത്തിനു പരീക്ഷായോഗ്യതയില്ലെങ്കിലും ഉദ്യോഗം കൊടുക്കണമെന്നാരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ?

VAIDYASASTRAKUSALA DR. (MRS.) POONEN LUKOSE: Sir, the two members who spoke on this motion brought to the notice of this House the inconvenience caused to the backward communities in the medical institutions of the State. At the same time, they were good enough to admit that, in Trivandrum at least, the backward communities had not this difficulty. I do admit that in some localities, in years gone by, some of the backward communities were put to *some* inconvenience. But that is being slowly got over. I would also bring to the notice of the House that this difficulty arose not by the indifference of the Medical Officers only but, was partly due to the reluctance of the backward communities to take advantage of the conveniences offered to them. As a matter of fact, I know Sir, that some of the patients belonging to backward communities would not even come inside the consultation room even when they were specifically asked to do so. There have arisen occasions when I myself had to force some of the men and women to come inside and get examined. But I venture to hope that such a state of affairs will soon cease to exist in our State. Even in Trivandrum such difficulties occur. But I may assure the members of this House that they are being gradually got over, and I am confident that, in future honourable members will not have occasion to bring to the notice of the House hardships of this kind experienced by backward community.

Then Sir, Mr. Kesava Pillai referred to the conditions prevailing among the poor hill-men. Here also I do not think that the department and the Government have been unmindful of their needs. When I had something to do with the Medical Department years ago that is, while I was a member of the Administrative Board, Medical Services, and later, the Conservator of Forests informed the Department several times that the Kanikars stood in need of medical help. On all these occasions the Medical Department went to their assistance by deputing special officers to look after them and also by sending something like a travelling dispensary to their aid.

Then again Sir, when it was reported that many of these hill-men were suffering from yaws a special officer was deputed to treat them and special medicines were sent for that purpose. The difficulties of the hill-men near Arumana and Kulasekaram have not been brought to my

LIBRARY ARCHIVES Kerala Legislative Assembly

[Vaidyasastrakusala Dr. (Mrs.) M. Poonen Lukose.]

notice till now. There are hospitals and dispensaries within their reach for ordinary ailments. Whenever the department was informed that special help was necessary, it was given Sir. So I do not think it is right on the part of the honourable member to make a statement that the Kanikars are treated as wild animals and left in the forest to die. It is not so, Sir.

One other honourable member, during yesterday's discussion, said that he had to wait for three or more hours in the General Hospital when he went there with some ailment. I have enquired into this matter, and I should in fairness to the authorities of the Hospital, inform the House what I was able to find out. I was really sorry to hear from the member yesterday that he had to wait for such a long time in the hospital. But I understand that he went to the in-patient ward and not to the out-patient Departments where patients coming from outside are treated. The Medical Officers attached to the hospital have to attend to in-patients at special times and there are special Medical Officers in charge of the out-patient Department. Mr. Kochukoratharakan went to the in-patient ward and was asked to go to the out-patient Department. But I am told he preferred to stay and wait for a particular Doctor whom he wanted to see. This is what happened. But if the matter was so urgent and if he had gone to the out-patient ward, there were Doctors there and they would have attended to him. But even there Sir, patients mayh ave to wait because one Doctor has to attend to over 300 patients. I ask Sir, which human being can deal with all these patients in a few minutes. The doctors have to attend to each patient and it naturally takes some time. I know, from personal experience, when I had occasion to go to other parts of India, persons having to wait for hours together for medical aid. Some times it is necessary to wait. If the honourable member had taken the trouble to find out where he should go, he would not have had to wait so long. I do not think it is right of the honourable member Sir, to make such a statement in this manner about the Department from one or two instances that have come to his notice without making correct enquiries.

MR. K. P. KOCHUKORATHARAKAN : ഞാൻ സ്പെഷ്യലിസ്റ്റിന്റെ ഇരിക്കുന്നത് ഇൻപേഷ്യന്റ് വാർഡിലാണോ?

VAIDYASASTRAKUSALA DR. (MRS.) M. POONNEN LUKOSE: I would like to know the date of the visit so that I may answer the question.

MR. V. K. VELAYUDHAN: May I know whether it is right on the part of the Government to justify the conduct of the Officers in attributing the blame on the members of the backward communities in that manner?

VAIDYASASTRAKUSALA DR. (MRS.) M. POONNEN LUKOSE: I did not put the blame on the backward communities. Sir, I only said that even when there were conveniences and increasing conveniences offered to the backward communities they did not always take advantage of them. Even in Trivandrum I can speak from personal knowledge Sir, patients belonging to backward communities have some times to be encouraged.

LIBRARY ARCHIVES Kerala Legislative Assembly

MR. N. JOHN JOSEPH (*Nominated*) : സർ, ഡിസ്പെൻസറികളിലും ഡിസ്പെൻസറികളിലും പിന്നോക്കംനിൽക്കുന്ന സമുദായങ്ങൾക്കും മറ്റുള്ളവർക്കും വൈദ്യസഹായം ലഭിക്കുന്നതിൽ വരുന്ന വിഷമതകളെയാണ് ഈ ഉപക്ഷേപംകൊണ്ട് പലരും സ്പർശിച്ചത്.

സർ, പിന്നോക്കംനിൽക്കുന്ന സമുദായക്കാർക്ക് വൈദ്യവിഷയമായി നേരിടുന്ന അസൌകര്യങ്ങളെപ്പറ്റി പല മെംബറന്മാരും സംസാരിക്കയും സർജൻ ജനറൽ അവർകൾ അനുകൂലമായ മറുപടി പറകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. പിന്നോക്കംനിൽക്കുന്ന സമുദായങ്ങളിലെ സ്ത്രീകൾ ആശുപത്രികളിൽ കയറിച്ചെല്ലാൻ ശങ്കിക്കുന്നുണ്ടെന്നു സർജൻ ജനറൽ പറഞ്ഞതു പരമാർത്ഥമാണ്. നെയ്യാറ്റിൻകര തുടങ്ങിയ മിക്ക ആശുപത്രികളിലും പ്രത്യേക ഷെഡ്കൾ അവർക്കായി കെട്ടിയിട്ടുണ്ട്. അവിടെചെന്നു നിൽക്കുന്ന പുരുഷന്മാരുണ്ടല്ലോ. ഡാക്ടർമാരുടെ ദൃഷ്ടി അവരിൽ പതിയുന്നതു് അവസാനം പിരിഞ്ഞുപോകുന്ന സമയത്താണ്. അതുതന്നെയും വല്ല നേഴ്സോ മിഡ്വൈഫോ ചെന്നറിയിച്ചാലേ സാധിക്കുകയുള്ളുതാനും. ഇങ്ങനെയുള്ള അസൌകര്യങ്ങളെ പരിഹരിച്ചുതരാമെന്നു സർജൻ ജനറൽ പറഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. പല ആശുപത്രികളിലും മരുന്നുകളില്ല. ഇടവം, മിഥുനം, കർക്കടകം ഈ മാസങ്ങളിലാണു സാധാരണയായി പനിയും മറ്റുരോഗങ്ങളും ഉണ്ടാകുന്നതു്. അങ്ങിനെയുള്ള സന്ദർഭത്തിലാണു പല ആശുപത്രികളിലും മരുന്നുകൾ ചെന്നുചേരാതിരിക്കുന്നതു്. മരുന്നുണ്ടെങ്കിൽ പിന്നോക്കസമുദായക്കാർക്കു യഥേഷ്ടം മരുന്നുകിട്ടുന്നതിനു പ്രയാസമായിരിക്കുന്ന സമയത്തു മരുന്നില്ലാത്തസമയത്തു പറയേണ്ടതുമില്ല. മരുന്നു കുറവാണെങ്കിൽ മരുന്നു കിട്ടാതെവരുന്നതു പിന്നോക്കംനിൽക്കുന്ന സമുദായക്കാർക്കാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. മരുന്നുകളുണ്ടെങ്കിലും ഇവർക്കു ശരിയായി കിട്ടുന്നകാര്യം സംശയമാണ്. അടുത്തകാലത്തുതന്നെ ഇങ്ങനെയുള്ള അവശതകളെല്ലാം പരിഹരിക്കാമെന്നും സർജൻ ജനറൽ പറഞ്ഞു. അങ്ങിനെ അവർ ചെയ്യുമെന്നും അതിലേക്കുള്ള കർമ്മകുശലത അവർക്കുണ്ടെന്നും എല്ലാവർക്കുമറിയാം. അതുകൊണ്ട് ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

MR. M. SIVATHANU PILLAI : I would like to know from the member whether there are separate sheds intended for backward communities ?

MR. N. JOHN JOSEPH : ആശുപത്രികളിലും പിന്നോക്കസമുദായക്കാർക്ക് പ്രത്യേകം ഷെഡ്കൾ നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. M. SIVATHANU PILLAI : I would like to know in what all places they are ?

MR. N. JOHN JOSEPH : ഉണ്ട്; പലസ്ഥലങ്ങളിലും ഉള്ളതായി എനിക്കറിയാം, അടുത്തു നെയ്യാറിൻകരതന്നെ ഉണ്ട്.

The motion was withdrawn with the leave of the House.

Motion Nos. 91 and 92.

The following motions were not moved :

MR. M. G. MATHEW :

91. "To reduce the allotment of Rs. 2,500 for travelling allowance by Rs. 10."

MR. N. JOHN JOSEPH :

92 "To reduce the allotment of Rs. 2,500 for travelling allowance by Re. 1."

Motion No. 93.

MR. K. P. KOCHUKORA THARAKAN : സർജൻറു ജനറലിൻെറ സഞ്ചാരച്ചെലവിലേക്കു ചേർത്തിട്ടുള്ള ൨൫൦൦ രൂപായിൽനിന്നും നാലു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

സർ, സർജൻ ജനറലിൻെറ സക്കിട്ട് ഒരു തീയതി നിശ്ചയിച്ചു പോകുകയെന്നല്ലാതെ വിശേഷമായി മറെറാന്നുംതന്നെയില്ല. വടക്കൻ പറവൂരിൽ ഒരു ദിവസംകൊണ്ടുപോയി അന്നുതന്നെ തിരികെ വരികയും ചെയ്യും. ആശുപത്രികളിൽപോയി അവിടെയുള്ള സ്ഥിതിഗതികൾ എന്താണെന്നന്വേഷിക്കുകയില്ല. അതുപോലെതന്നെ ആശുപത്രി, ഡിസ്പെൻസറി മുതലായവകളില്ലാത്ത സ്ഥലങ്ങളിൽ ഇതുകളുടെ ആവശ്യം എത്രമാത്രം ഉണ്ട്, ദീനക്കാർ ഓരോ ആശുപത്രികളിലും എത്രമൈൽ ദൂരെനിന്നുമാണ് വരുന്നത്, ഈവക സംഗതികൾ അന്വേഷിച്ചറിഞ്ഞു ആശുപത്രികളില്ലാത്ത സ്ഥലങ്ങളിൽ ആശുപത്രികൾ സ്ഥാപിച്ചുകൊടുക്കുന്നതിന് ഇടവരികയും തൻനിമിത്തം സർജൻ ജനറലിൻെറ സക്കീട്ട് പൊതുജനങ്ങൾക്കു ഉപകാരമായിത്തീരുകയും ചെയ്യും. സർജൻ ജനറൽമാർ യൂറോപ്യന്മാരായിരുന്നകാലത്തു അവർക്കു നാട്ടുഭാഷയിലുള്ള പരിജ്ഞാനക്കുറവുകൊണ്ടോ അല്ലെങ്കിൽ അവിടത്തെ ജനങ്ങളുമായി സംസാരിക്കുന്നതു അവരുടെ അഭിമാനത്തിനു പോരായ്മയെന്നു വിചാരിച്ചിട്ടോ അവർ അതാതു സ്ഥലത്തുള്ള ജനങ്ങളുടെ ആവശ്യത്തെപ്പററി അന്വേഷിക്കുന്ന പതിവുണ്ടായിരുന്നില്ല. മൂന്നു നാലു ആശുപത്രികൾ സന്ദർശിച്ചുപോരാം ഞാൻക്രൂടിയുണ്ടായിരുന്നതുകൊണ്ടു ഇങ്ങനെയുള്ള അന്വേഷണങ്ങളൊന്നും നടത്തിയില്ലാ എന്നെനിക്കു ധൈര്യമായി പറയാൻ കഴിയും. മി. ജാൺ ജോസഫിൻെറ ഉപക്ഷേപത്തെസംബന്ധിച്ചു ഞാൻ പറഞ്ഞ ചില സംഗതികളെപ്പററി സർജൻ ജനറൽ പറഞ്ഞ മറുപടി തൃപ്തി

LIBRARY ARCHIVES Kerala Legislative Assembly

വാർഡിന്റെ ചാർജ് വഹിക്കുന്ന രണ്ട് ഡാക്ടർമാരിൽനിന്നും കേട്ടിട്ടുള്ള അറിവിനെ വച്ചുകൊണ്ടായിരുന്നു. ഈ സംഗതിയെ സംബന്ധിച്ചിടത്തോളം അതു ശരിയല്ല. കേട്ടുകേൾവിയെക്കാൾ എന്റെ അനുഭവമാണല്ലോ ഞാൻ വിശ്വസിക്കേണ്ടതു്. ഫ ഫ-ഫ ഫ-ഫ ഫ ഫ-ൽ ആണ് ഞാൻ ആശുപത്രിയിൽ പോയതു്. ഞാൻ വൃഅര മണിക്കു അവിടെ ചെന്നു. ഫ ഫ അര മണിക്കാണു് തിരിയെപ്പോയതു്. ഞാൻ ഇൻപേഷ്യന്റു് വാർഡിൽ പോയി എന്നു പറഞ്ഞതു പരമാർത്ഥംതന്നെ. ഞാൻ സ്പെഷ്യലിസ്റ്റിനെ കാണുവാൻ പോയപ്പോൾ അദ്ദേഹം അവിടെ ഇല്ലായിരുന്നതുകൊണ്ടു ഒരു ഫൊക്കോടതി ജഡ്ജിയുടെ കാർകയറി ആശുപത്രിയിൽ അവശതയിൽകിടക്കുന്ന എന്റെ നാട്ടുകാരനായ ഒരു ബി. എസ്സ്. സി. വിദ്യാർത്ഥിയെകാണാൻ പോയി എന്നുള്ളതു് വാസ്തവമാണു. തിരികെവന്നപ്പോൾ മേൽപ്പറഞ്ഞ ഡാക്ടർ അവിടെ ഇരിപ്പുണ്ടായിരുന്നു. ഏതാനുംസമയം അവിടെ ഇരുന്നതിനുശേഷം അങ്ങുമിങ്ങും അലഞ്ഞുനടക്കുന്നതായും ഡിസ്പെൻസറിയിൽപോയി കമ്പവുണ്ടറുമായി ചിലതു സംസാരിക്കുന്നതും തിരിച്ചുവരുന്നതും പിന്നെയും അങ്ങുമിങ്ങും നടക്കുന്നതുംകണ്ടു് എന്നെപ്പോലെ പലരും അവിടെ കാത്തുനിന്നിരുന്നു. ഡാക്ടരെക്കൊണ്ടു പരിശോധിപ്പിക്കുന്നതു അത്ര എളുപ്പമല്ലെന്നുകണ്ടു് ഫ ഫ അര മണിക്കു ഞാൻ തിരിച്ചുപോന്നു. ഡാക്ടന്മാരുടെ ഈമാതിരി അശ്രദ്ധകൊണ്ടുണ്ടാവുന്നതിയ്ക്കുവാതിരിക്കുവാൻ മേലധികാരികൾ ശ്രദ്ധിയ്ക്കേണ്ടതാണു.

PRESIDENT : The honourable member cannot go back to his experiences which have already been narrated.

MR. K. P. KOCHUKORATHARAKAN : ഞാൻ എനിക്കുള്ള അനുഭവം പറയുകയായിരുന്നു. ഡിപ്പാർട്ടുമെന്റു് മേലധികാരികൾ കീഴ്സിൽബന്ധികളുടെ മേലുള്ള പരാതികളെ സാധാരണ തള്ളിക്കളയുകാണു് പതിവു. കീഴിലുള്ള സ്ഥാപനം ചെയ്യുന്ന അക്രമങ്ങളെപ്പറ്റി പരാതികിട്ടുമ്പോൾ കീഴുദ്യോഗസ്ഥന്മാരെ ശാസിച്ചു് ശരിപ്പെടുത്തേണ്ട ചുമതലയുള്ള ഉദ്യോഗസ്ഥന്മാർ "അയാൾ അങ്ങിനെ ചെയ്യുകയില്ല, ചെയ്താൽ അതിനു മറുവല്ല കാരണങ്ങളും കാണും", എന്നു സമാധാനം പറയുന്നതു ഒരിക്കലും നീതീകരിക്കത്തക്കതല്ല. ഇന്നു തിരുവിതാംകൂറിൽ കാണുന്ന ഏറ്റവും വലിയ വിഷമം ഇതാണു്. ഗവണ്മെന്റു കീഴ്ദ്യോഗസ്ഥന്മാരെ സ്വന്തം മക്കളെപ്പോലെയും ജനങ്ങളെ മരുമക്കളെപ്പോലെയും വിചാരിക്കുന്ന ഒരു രീതിയാണിവിടെ കാണുന്നതു്. ഇതു ശരിയായ ഒരു നയമല്ല. സർജൻ ജനറൽ വേണ്ടവിധത്തിൽ യാത്ര ചെയ്തിരുന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan.]

രാജ്യത്തിന്റെ ഏതെല്ലാം ഭാഗങ്ങളിലാണ് ഡിസ്പെൻസറികളും ആശുപത്രികളും ആവശ്യമെന്നുള്ള വിവരം മനസിലാക്കി അതനുസരിച്ചു പ്രവർത്തിക്കാൻ സാധിക്കയും തൻനിമിത്തം രാജ്യത്തിന്റെ ഐശ്വര്യവും സുഖ സൌകര്യാദികളും വർദ്ധിക്കയും ചെയ്യുമായിരുന്നു.

വടക്കൻ തിരുവിതാംകൂറിനെപ്പറ്റി പറയുകയാണെങ്കിൽ പെരുമ്പാമ്പൂരിൽ ഒരു ഡിസ്പെൻസറി ഉണ്ട്. അവിടെ എട്ടോ പത്തോ ദിനക്കാരെ കിടത്താനെ സൌകര്യമുള്ളൂ. വാടകക്കെട്ടിടത്തിൽ നടത്തിക്കൊണ്ടിരുന്ന ആശുപത്രി ജനങ്ങളുടെ അഭ്യർത്ഥനയുടെ ഫലമായി ഗവണ്മെൻറ് കെട്ടിടംകെട്ടി അങ്ങോട്ട മാറ്റി. ഇതിൽ രണ്ടു മുറികളെയുള്ളൂ. നാല് രോഗികളിൽക്കൂടുതൽ കിടക്കാനും പ്രയാസമാണ്. അവിടത്തെ ആവശ്യം എന്തെന്നു മനസിലാക്കാതെ മരുന്നുകൊടുക്കാനായി മാത്രം ഒരു ഡിസ്പെൻസറിയാക്കി വച്ചിരിക്കയാണ്. ഇതിനുമുൻപ് ഈ സഭയിൽതന്നെ ഡാക്ടർ രാമൻതമ്പി ആ ആശുപത്രിയിൽ ഇരുപത്തെട്ടോ മുപ്പതോ രോഗികൾ കിടക്കുന്നുവെന്നു പ്രസ്താവിക്കയുണ്ടായി. അന്ന് ഈ ആശുപത്രി വാടകക്കെട്ടിടത്തിലായിരുന്നു നടത്തിക്കൊണ്ടിരുന്നത്. അന്നു ജനങ്ങൾക്കു കൂടുതൽ ഉപയോഗവുമുണ്ടായിരുന്നു. ഗവണ്മെൻറ് പതിനായിരം രൂപാ ചെലവുചെയ്തു കെട്ടിടം ഉണ്ടാക്കിയപ്പോൾ അതു ജനങ്ങൾക്കു പ്രയോജനമില്ലാത്തതരത്തിലായി. ഇതെന്തൊരു കഷ്ടമാണ്?

മുൻപ് വടക്കൻ തിരുവിതാംകൂറിലുള്ളവർ വൈദ്യസഹായത്തിന് അഭയം പ്രാപിച്ചുകൊണ്ടിരുന്നതു എറണാകുളം ആശുപത്രിയെയാണ്. ഇപ്പോൾ എന്തുകൊണ്ടാണെന്നറിഞ്ഞുകൂടാ, ദിനക്കാർ തിരുവിതാംകൂർകാരാണെന്നു പറഞ്ഞാൽ അവർക്കു അവിടെ പ്രവേശനം കൊടുക്കുകയില്ല. ഇങ്ങനെ ഇപ്പോൾ ഏതാണ്ടു ഒന്നരക്കൊല്ലമായി. തിരുവനന്തപുരത്തും കൊല്ലത്തും ഉള്ളതുപോലെ സർജറിയും മെഡിസിനും നടത്താനുള്ള സന്നദ്ധതയോടുകൂടി ഒരു വലിയ ആശുപത്രി വടക്കൻതിരുവിതാംകൂറിൽ എവിടെയെങ്കിലും ഒരു സ്ഥലത്തു സ്ഥാപിച്ചതിനേപ്പറ്റി ഞങ്ങൾ വളരെക്കാലമായി മുറവിളികൂട്ടി. യാതൊരുഫലവും ഇതേവരെ ഉണ്ടായില്ല. സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായുള്ള ഒരു ആശുപത്രി വടക്കൻ തിരുവിതാംകൂറിൽ എവിടെയെങ്കിലും ഒരുഭാഗത്തു സ്ഥാപിച്ചതരണമെന്ന ഫ 0 ന്യ-മുതൽ ഞാൻ ഈ നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്. അതിനെസംബന്ധിച്ചും യാതൊരു അന്വേഷണവും നടത്തിയിട്ടില്ല. സർജൻ ജനറൽ വേണ്ടവിധത്തിൽ സഹകരിച്ചിരുന്നാൽ ഞങ്ങളുടെ ആവശ്യങ്ങൾ വേണ്ടവിധത്തിൽ അറിഞ്ഞു അതനുസരിച്ചു നിർവഹിക്കാൻ സാധിക്കുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് സർജൻറെ ജനറലിൻെറ യാത്ര ഒരിക്കലും മരുന്നിൻെറ സ്റ്റാക്ക് തിട്ടപ്പെടുത്താനായിമാത്രം ആയിരിക്കരുത്. അങ്ങിനെ യാത്ര ചെയ്യുമ്പോൾ ഡാക്ടറന്മാർ രോഗികളോട് ശരിയായവിധം പെരുമാറുന്നുവൊ, അവക്ക് ശരിയായി മരുന്നുകൊടുക്കുന്നുവൊ എന്നുംമറും അന്വേഷിച്ചറിയണം. അല്ലാതെ ഏവിടെയെങ്കിലും യാത്രചെയ്ത് എട്ടും പത്തും ദിവസം സുഖമായി താമസിച്ച് തിരെ തിരുവനന്തപുരത്തു വന്നതുകൊണ്ട് യാതൊരു പ്രയോജനവും രോഗികൾക്കില്ല. അതിനാൽ സർജൻറ ജനറാളുടെ യാത്ര പ്രയോജനപ്രദമായ രീതിയിൽ നടത്തണമെന്നും ആശുപത്രികളിൽചെന്ന പരിശോധനകഴിഞ്ഞാൽ നിവർത്തിയുള്ളടത്തോളം ജനങ്ങളുമായി ഇടപെട്ട് അതാതു സ്ഥലങ്ങളിലെ ഡാക്ടർമാരുടെയും മറു സിൽബന്ധികളുടെയും സ്വഭാവം പെരുമാറ്റസ്ഥിതി മുതലായതു മനസ്സിലാക്കി ആവശ്യം വേണ്ട താക്കീതുകൾ അപ്പോഴപ്പോൾ ചെയ്തുകൊണ്ടിരിക്കണമെന്ന ഞാൻ ആവശ്യപ്പെട്ടുകൊണ്ടു തൽക്കാലം വിരമിക്കുന്നു.

PRESIDENT : As I find Mr. Kochukunju's motion and Mr. K. P. Abraham's motion happen to be on the same subject, I shall call them next.

MR. KAVIYOOR K. K. KOCHUKUNJU (*Nominated*) : ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു. പണവും ഭംഗിയുമില്ലാത്ത സാധു രോഗികൾക്കു സാധാരണയായി ആശുപത്രിയിൽ യാതൊരു രക്ഷയുമില്ല. ഇതു് എൻെറ അനുഭവത്തിൽനിന്നും പറയുന്ന ഒരു കാര്യമാണു്. ചില ആശുപത്രികളിൽ പാവപ്പെട്ട സമുദായങ്ങളിലുള്ള ചില രോഗികൾ അനുഭവിക്കുന്ന കഷ്ടതകൾ സീമാതീതമായിരിക്കുന്നു. താണ സമുദായങ്ങളിലുള്ള സ്ത്രീകൾ പ്രസവവേദനകൊണ്ടു ദീനസ്വരങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുകിടക്കുമ്പോൾ പ്രസവവേദനയെന്നാൽ എന്താണെന്നു അറിയാൻവയ്യാത്തവരെപ്പോലെ ചില ലേഡീ ഡാക്ടറന്മാർ സൈരസല്ലാപത്തിൽ ഏർപ്പെട്ടിരിക്കുന്നതായി കാണുന്നതും പരിതാപകരം തന്നെ. ഇവർ ഇത്ര കർക്കശമായവിധത്തിൽ സാധുസമുദായങ്ങളോടു പെരുമാറാൻ മുതിരുന്നതു്—സമുദായങ്ങളോടു പെരുമാറുന്നതു് നിർഭാഗ്യമെന്നല്ലാതെ മറെറന്തു പറയട്ടെ. പിന്നോക്കസമുദായങ്ങൾ അവശതകളും അസമത്വങ്ങളും ഇല്ലാതാക്കുന്നതിനു മഹാരാജാവു് തിരുമനസ്സുകൊണ്ടും ഗവണ്മെൻറും എന്തെല്ലാം സംരംഭങ്ങളാണു നടത്തിവരുന്നതു്? ഈ നാട്ടിൽ ഈവക അസമത്വങ്ങളെല്ലാം യഥാവിധം സംഹരിക്കുന്നതിനുള്ള ശ്രമങ്ങളെല്ലാം ഗവണ്മെൻറും പൊതുജനപ്രമാണികളും നട

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kaviyoor K. K. Kochukunju]

ഇന്നത്തോടം ചില ഉദ്യോഗസ്ഥന്മാർ അതേപ്പറ്റി തീരെ ശ്രദ്ധിക്കാതിരിക്കുന്നതു വളരെ സങ്കടകരംതന്നെ. അതിനാൽ ഗവണ്മെൻറ് ഈ കാര്യത്തിൽ വേണ്ട എല്ലാ ഒത്താശകളും സഹായങ്ങളും ചെയ്യുമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. KOTTALIL P. ABRAHAM: Sir, No. 97 is a similar motion tabled by me. The mover of motion No. 94 said that if the Surgeon General had utilised his travels properly and inspected the hospitals, it would have benefited the poor indigent patients very much. The majority of the people who resort to hospitals for the treatment of their diseases are poor. My particular object in speaking in support of this motion is to bring to the notice of this House the necessity of having a separate First Class General Hospital somewhere in North Travancore to the north of Kottayam. It will be admitted on all hands that there is not a good First class Hospital anywhere north of Kottayam to minister to the wants of the people who live in the area from Parur to Devicolam, a distance of 80 miles in length and from Kottayam to Parur a distance of nearly 70 miles in breadth. The necessity for a good general hospital was not felt so much until recently till about 2 years ago.....

MR. S. CHATTANATHA KARAYALAR: Sir, on a point of order. If the honourable member is speaking on motion No. 97 he is out of order, because it is a non-votable item.

PRESIDENT: What I find is that the motions Nos. 93, 94 and 97 are same in regard to their intentions. Therefore I am allowing them to be discussed.

MR. KOTTALIL P. ABRAHAM: Sir, I was speaking on the motion moved by Mr. Tharakan.

PRESIDENT: The motion under discussion now is 93. The subject matter of 93, 94 and 97 are the same. And so, I am allowing discussion on motion No. 93. Therefore the honourable member is allowed to speak on motion No. 93.

MR. S. CHATTANATHA KARAYALAR: Sir, the honourable member started by saying that he was moving the motion standing in his name.

MR. KOTTALIL P. ABRAHAM: Sir, I began by saying that I pupport the motion moved by Mr. Tharakan. Now, with regard to the necessity of a first class hospital somewhere in North Travancore, preferrably in Perumbavoor or Muvattupuzha. That necessity was not felt until recently because formerly people used to have free access to the Ernakulam General Hospital which is close by in the Cochin State. Whenever any serious disease was to be treated or any major operation, or other expert treatment was to be availed of, patients in the Northern most taluks used to have recourse to the Ernakulam Genera,

LIBRARY ARCHIVES Kerala Legislative Assembly

Hospital. But for about two years now, Sir, for some reason or other it so happens that admission to Ernakulam Hospital for Travancore patients though not denied altogether, in theory is practically closed. Our patients find it very difficult to get admission there. Sir, for some reason or other, access to that hospital is denied to Travancore patients. As a result of this, people of the particular localities are put to much difficulties in the matter of getting proper medical aid. They are not able to go to Quilon or to Trivandrum to get adequate medical treatment as the means of communication thereto are not suited for travel by the patients. The available bus-traffic at present, as every one of us here knows, is not conducive to long travel even by the healthy men. Sometime ago, about a year ago, I think, this necessity was brought to the notice of the former Surgeon General and he conceded that one General Hospital of a 1st class Category was proposed to be established some where in Northern Travancore but no serious attention seems to have been taken till now to construct any hospital in the area suggested by me. By this motion I urge upon the attention of the Government that it is high time that a general hospital should be established somewhere either at Muvattupuzha or at Perumbavoor. I mention these places, because either of them will occupy a farely central position for the area which urgently requires the 1st class General Hospital requested for by me.

MR. P. KUNJUKRISHNAN: Sir, I rise to support this motion. I am one with all that has been said by the honourable members here who spoke just now. It is an admitted fact that the people at large do not get as much benefit from this department as it is expected to give. Sir, this is a department of Government on which a large sum is being spent every year and it has been instituted to look into the health of the people at large. And I think there is not any other department which can extend its help and benefit to the people at large as this department. Sir, the health of the nation should be the first and foremost concern of the State and that is why I say that so much money has been allotted for this department and so much importance has been attached to its proper use. But I may bring to the notice of this House that it has been a recognised fact, by this I don't blame anybody in particular but it is a recognised fact, that in as much as we spend large sums of money on the department, the people of the State are not benefited by the same. As a matter of fact by every-day experience we know in the case of any hospital in the State that the patients do not generally get the necessary attention from the hospital authorities. This is more so in the case of poor and indigent patients and members of the backward classes. Sir, this has to be remedied. I urge this aspect of the question on the immediate attention of the Surgeon General. Poor patients flock to the hosptial, most of them clad in rags and they go to the Medical Officer to get prescriptions for their ailments. But it has been my experience as I have been witnessing this on many occasions that these medical officers do not care what the patients say about their aelments but only ask then their names and then straight away begin to prescribe medicines. Sir, this

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kunjukrishnan.]

system of prescribing medicines should be put a stop to. I do not know what purpose this prescription serves. I am also at a loss to know whether the sick would be improved if they take in medicines prescribed like this. Then there is the general complaint that the moneyed people alone get proper medical aid in hospitals. The Medical Officers do not care who the patients are provided they are paid well by them. They get money amply from moneyed people and they give them sufficient attention. I do not blame them for this. But at the same time, it should be brought home to their mind that while they receive remunaration from moneyed people they bestow equal attention to poor patients as well. If we cannot effect this change at least in this department, I would ask "what is the necessity of allotting so much money and maintaining such a big staff."

Then there are other complaints as well to which my friends have adhered to and I would earnestly draw the attention of the Surgeon General to those matters as well.

I would in this connection draw the attention of the House to one factor in particular. At Quilon we have got a Women and Children's Hospital. I would admit that it does yeomen service to the people at large, especially to the women and children. But for that hospital, my experience is, that hundreds of thousands of women would have gone to early graves, and it is up to the Government to see that such hospitals are started in other parts of the State also. To me it appears that the one redeeming feature in regard to the working of this department, is this women and children's hospital. The same thing is being done in the Thycaud Hospital also. Now, this difference between men and women's hospitals is due to the tempermental difference between man and woman and it is because of this that these Lady Doctors, who are in these hospitals, render proper service. I would therefore emphasize the fact that all hospitals, in the State, should be brought under the strict control of the Surgeon-General and the Surgeon-General should take proper note of the day-to-day working of the hospitals, so much so, the officers, while getting their proper remuneration from the State and also from moneyed people, extend their sympathy to the really distressed people also. Without that. I ask what is the use of these doctors? It is the suffering people who come here and the State spend so much money on that account and if they don't get the necessary benefit, better don't spend at all.

I wish to touch upon another point. At Kottarakara there is a hospital and that hospital is not sufficiently provided for. Kottarakara is an important place, it is the centre of a taluk with a fairly good population and an extended area: The patients come to this hospital from very distant parts and the provision there is very poor. The in-patients have scarcely any bed. I draw the attention of the House and the Surgeon General to the need for providing for additional conveniences in this hospital. At Kundra about 10 miles this side of Kottarakara, there is, I unerstand, a Mission Hospital which does so much service to the people. But we should not be contended with the

LIBRARY ARCHIVES Kerala Legislative Assembly

Kundara Hospital. This Hospital is far away from Kottarakara. The length of the Taluk is more than thirty miles. I would say that by providing for more facilities to the Kottarakara Hospital we will be doing real service to the people of Kottarakara as a whole.

MR. THARIATHU KUNJITHOMMEN സർ, കൊല്ലംഡിവിഷനിലും തിരുവനന്തപുരംഡിവിഷനിലുമുള്ളതുപോലെ കോട്ടയംഡിവിഷന്റെ മദ്ധ്യഭാഗത്തായി സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമുള്ള ഒരാശുപത്രി സ്ഥാപിക്കേണ്ടതു് അത്യാവശ്യമാണെന്നുള്ള കാര്യം ഞാനും ഈ അവസരത്തിൽ ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു.

PRESIDENT: Order, order. The matter now under discussion is the motion of which notice has been given by Mr. Kochukora Tharakan and Mr. Kochu Kunju. There is another motion standing in the name of Mr. Kunjithommen, namely, motion No. 96, to discuss the question of the Women and children's hospital in North Travancore. The Honourable Member may confine to that when that question comes up. This is another subject.

MR. THARIATHU KUNJITHOMMEN: എനിക്കു് ഇതിനെപ്പറ്റി പ്രത്യേകം പറയുന്നതിനുള്ള സൌകര്യം കിട്ടുമെന്നറിയുന്നതുകൊണ്ടു് ഞാൻ ഈ സംഗതി അപ്പോൾ പറഞ്ഞുകൊള്ളാം. ചിലർ ഇവിടെ സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആശുപത്രിയെപ്പറ്റി പറയുകയുണ്ടായി. അതുകൊണ്ടു് ഞാനും പറഞ്ഞതാണു്.

PRESIDENT: Order, Order. I think the Honourable Member will have quite enough time, Unless the Honourable Member wishes to speak on the subject matter of motions Nos. 93, 94 and 96, he might wait until his turn comes.

MR. THARIATHU KUNJITHOMMEN: In a general way.

PRESIDENT: Oh! yes.

MR. THARIATHU KUNJITHOMMAN: അതുകൊണ്ടു് ഈ ഡിപ്പാർട്ടുമെൻറിന്റെ സാമാന്യഭരണത്തെപ്പറ്റി പറയാമെന്നു വിചാരിക്കുന്നു. ഗവണ്മെൻറിൽനിന്നും വൈദ്യസഹായത്തിനായി ഒരു വമ്പിച്ച തുക ചിലവാക്കുന്നുണ്ടു്. അതിലേക്കുവേണ്ടി ഒട്ടവളരെ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും അനവധി ആശുപത്രികൾ സ്ഥാപിക്കുകയുംചെയ്തിരിക്കുന്നു. എന്നാൽ ഇതുകൊണ്ടു് സാമാന്യജനങ്ങൾക്കു വലിയ ഉപയോഗമില്ലാതെ ആയിത്തീർന്നിട്ടുണ്ടു്. ഈ സംഗതി ഞാൻ വളരെക്കാലമായി ഗവണ്മെൻറിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചിട്ടുമുണ്ടു്. സാധാരണ ഉദ്യോഗസ്ഥന്മാർ, ജനങ്ങളുടെ പക്കൽനിന്നും എന്തെങ്കിലും സംഖ്യ വാങ്ങുകയാണെങ്കിൽ കുറ്റകരമാണെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഡാക്ടറ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithommen.]

ന്മാരുടെ സ്ഥിതി അതല്ല. ഏതു സംഖ്യയും അവർക്കു ജനങ്ങളിൽ നിന്നും വാങ്ങിക്കുന്നതിനു ഗവണ്മെൻറു് അവരെ അനുവദിച്ചിട്ടുണ്ടെന്നാണു വയ്പു്. ഇങ്ങനെ ഗവണ്മെൻറിൽനിന്നും ശമ്പളവും ജനങ്ങളിൽ നിന്നും പ്രതിഫലവും ഒരേസമയത്തു വാങ്ങിച്ചുകൊള്ളാമെന്നു വച്ചിരിക്കുന്നതു് ഒരിക്കലും നീതീകരിക്കാവുന്നതല്ല. ശമ്പളം കൊടുക്കുന്നുണ്ടെങ്കിലും മറുദ്യോഗസ്ഥന്മാരും കൈക്കൂലിയുംമറും ജനങ്ങളിൽനിന്നും വാങ്ങാറുണ്ടു്. ഏതെങ്കിലും അത്യാവശ്യകാര്യങ്ങൾ സാധിക്കുമ്പോഴൊ അല്ലെങ്കിൽ വല്ല കേസുകളിലുംമറും അകപ്പെടുമ്പോഴൊ ആണു് പോലീസുകാരുംമറും ജനങ്ങളിൽനിന്നും പണം വാങ്ങുന്നതു്. എന്നാൽ ജീവനാപ്തം ഉണ്ടാകുമോ എന്ന ആശങ്ക ഉള്ള അവസരത്തിലാണു് രോഗികൾ ഡാക്ടറന്മാരെ അഭയം പ്രാപിക്കുക. ആ സമയത്തു് എത്ര പണം ഡാക്ടർക്കു കൊടുത്താലും വേണ്ടില്ല, രോഗം ഭേദമായിക്കിട്ടിയാൽമതി എന്നേ ജനങ്ങൾ വിചാരിക്കുകയുള്ളു. എന്തെന്നാൽ അതു്, ആരോഗ്യത്തിൻറെയും ജീവൻറെയും വിലപേശുന്ന കാര്യമാണു്. ഈ സന്ദർഭത്തിൽ ഡാക്ടറന്മാർക്കു് എത്ര കൊടുത്താലും തൃപ്തിയും ഇല്ല. ഇങ്ങനെ അത്യാവശ്യഘട്ടങ്ങളിൽ അവർ പിന്നെയും പിന്നെയും പണം വേണമെന്നാവശ്യപ്പെടുകയാണു ചെയ്യുന്നതു്. മേലുദ്യോഗസ്ഥന്മാരുടെ സക്കീട്ടുകൊണ്ടൊന്നും ഒരു ഗുണവുമില്ല. ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാർ മാറിമാറി വന്നിട്ടും ഇക്കാര്യത്തിൽ ഒരു ഗുണവും ഉണ്ടാകുന്നില്ല. മെഡിക്കൽ ബോർഡിൻറെ ശ്രദ്ധയിലും ഞാൻ ഈ കാര്യം കൊണ്ടുവന്നിട്ടുണ്ടു്. എന്നാട്ടും പ്രയോജനമൊന്നുമില്ല. ഡാക്ടറന്മാർ ഒരിക്കലും ഒരു സംഖ്യയും വാങ്ങാൻ പാടില്ലെന്നവയ്ക്കണം. അങ്ങനെ വാങ്ങുന്നതു മറുദ്യോഗസ്ഥന്മാർ വാങ്ങുന്നതുപോലെതന്നെ കഠോരമായിരിക്കും എന്നു വയ്ക്കണം. അങ്ങനെ വ്യവസ്ഥചെയ്തിരുന്നാലും ഉദ്യോഗസ്ഥന്മാർ ജനങ്ങളിൽനിന്നും കൈക്കൂലിയായിട്ടുംമറും പണം വാങ്ങാറുണ്ടു്. എന്നിരുന്നാലും കുറെ ഭേദമുണ്ടു്. ഗവണ്മെൻറും ജനങ്ങളും ഒരുപോലെ ഡാക്ടറന്മാർക്കു് പണം കൊടുക്കേണ്ട കാര്യമില്ലല്ലൊ. ചില അവസരങ്ങളിൽ രോഗികൾക്കു് ആശുപത്രിയിൽ ചെന്നെത്തുവാൻ സാധിക്കാതെവരും. ഗതാഗതത്തിനു ശരിയായ റോഡുംമറും ഇല്ലാത്തിരിക്കുന്ന സ്ഥലങ്ങളിൽ രോഗികളെ കെട്ടിയെടുത്തുകൊണ്ടു് ആശുപത്രിയിൽ കൊണ്ടുപോകാൻ നിവൃത്തിയില്ലാതെ വന്നേക്കാം. ആ സന്ദർഭത്തിൽ ഡാക്ടറന്മാരെ വീട്ടിൽ കൊണ്ടുപോയെ നിവൃത്തിയുള്ളു. അ

LIBRARY ARCHIVES Kerala Legislative Assembly

